ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശിക തുകയായ 405 ലക്ഷം രൂപയും, പ്രസ്തുത പുനരുദ്ധാരണ പദ്ധതിയുടെ കാലയളവിൽ, കമ്പനി തിരിച്ചടയ്ക്കുന്നത് മാറ്റി വച്ചിട്ടുണ്ട്. ഇതിനുപുറമെ 1999-ൽ കമ്പനിക്ക് പ്രവർത്തന മൂലധനമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നും 4 കോടി രൂപ ഹ്രസ്വകാല വായ്പയായും, കേരള ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ടിൽ (കെ.ഐ.ആർ.എഫ്.) നിന്നും 10 കോടി രൂപയും സർക്കാർ കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) രൂപ ലക്ഷത്തിൽ

1994-95 ലാഭം 669

1995-96 ലാഭം 260

1996-97 ലാഭം 168

1997-98 ലാഭം 169

1998-99 നഷ്ടം 1099 (ഓഡിറ്റിനു വിധേയം)

(ഡി) ഇല്ല.

(ഇ) ഉണ്ട്. ഒമാനിൽ നിന്നും 4,76,000 യു.എസ്. ഡോളറിനുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്.

21 (2169) മേച്ചിൽ ഓട് നിർമ്മാണ വ്യവസായം

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേച്ചിൽ ഓട് നിർമ്മാണവ്യവസായം പ്രതിസന്ധി നേരിടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ ആരെയെല്ലാമാണ് നിയമിച്ചത്;

(സി) ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയോ എങ്കിൽ എന്നാണ് റിപ്പോർട്ട് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ഇ) ഈ ശുപാർശകൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) മേച്ചിൽ ഓട് നിർമ്മാണ വ്യവസായത്തെയും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയും രക്ഷിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. കെ. ചന്ദ്രശേഖരൻ കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി. കമ്മിറ്റിയിലെ അംഗങ്ങൾ താഴെപറയുന്നവരാണ്.

1. ശ്രീ. കെ.ചന്ദ്രശേഖരൻ
2. ശ്രീ. ഡി. അനന്തസുബ്രഹ്മണ്യൻ
3. ശ്രീ. പി.ഐ. ബേബി
4. ശ്രീ. ദേവദാസ് മറോൺ
5. ശ്രീ. എം.എ. കാർത്തികേയൻ
6. ശ്രീ. എ.എം. പരമൻ
7. ശ്രീ. പി.ആർ. ഫ്രാൻസിസ്
8. ശ്രീ. എസ്. ത്യാഗരാജൻ
9. ശ്രീ. പി. സുബ്രഹ്മണ്യൻ നായർ
10. ശ്രീ. ജി.കെ. വാര്യർ
11. ശ്രീ. ആർ.ദിവാകരൻനായർ
12. ശ്രീ. പി. മോഹൻകുമാർ.

(സി) നൽകി. 29-12-97-ൽ.

(ഡി) റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു. റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെകൊടുക്കുന്നു.

1. ഈ മേഖലയെ ആധുനികവൽക്കരിക്കുകയും, ആവശ്യമായ അത്യാധുനിക യന്ത്രസാമഗ്രികൾ, ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന ചൂളകൾ എന്നിവ സ്ഥാപിക്കുകയും ആധുനിക സാങ്കേതികവിദ്യയിലൂടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും ചെയ്യുക.

2. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ ഗവേഷണ വികസന യൂണിറ്റുകൾ സ്ഥാപിക്കുക.

3. ഈ മേഖലയെ വൈവിധ്യവൽക്കരിച്ച് ഉന്നത മൂല്യവർദ്ധനയുള്ളതും ആധുനികവുമായ ഓടുകളും അനുബന്ധ ഉൽപ്പന്നങ്ങളും ഉണ്ടാക്കുക.

4. ഇവയുടെ വിപണനം പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് സഹായത്തോടുകൂടി വേണ്ട ഏർപ്പാടുകൾ ചെയ്യുക.

(ഇ)&(എഫ്) കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓട് വ്യവസായമേഖലയുടെ സമഗ്രമായ പുരോഗതിയ്ക്കായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനമായി ഓട് വ്യവസായമേഖലയെ ആധുനികവൽക്കരിക്കുവാനും വൈവിധ്യവൽക്കരിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഈ വ്യവസായത്തെ ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പാപ്പനംകോട് പ്രവർത്തിക്കുന്ന റിജീയണൽ റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് 86.22 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് അംഗീകരിക്കുകയും അതിൽ വ്യവസായവകുപ്പിന്റെ വിഹിതമായ 30.22 ലക്ഷം രൂപയിൽ ആദ്യഗഡുവായി 17 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓടു വ്യവസായത്തിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

കളിമണ്ണ് ലഭ്യമാക്കുന്നതിനായി ഓരോ വ്യവസായമേഖലയിലും ബന്ധപ്പെട്ട ആർ.ഡി.ഒ. തഹസീൽദാർ, പഞ്ചായത്ത് പ്രസിഡന്റ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, ഓടു വ്യവസായികളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ കളിമണ്ണ് കൃഷിക്കും പരിസ്ഥിതിക്കും ദോഷകരമാകാതെ ശേഖരിക്കുവാൻ നടപടികളെടുത്തുവരുന്നു.

22 (2170) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉൽപ്പാദനം

ശ്രീ. കെ. ബാബു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉൽപ്പാദനം മാർക്കറ്റിലുള്ള ഡിമാന്റനുസരിച്ച് നടത്തണമെന്ന് പ്രസ്തുത കമ്പനിയിലെ ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ പ്രകാരം പ്രസ്തുത കമ്പനിയിലെ ഉൽപ്പന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഇതുമൂലം കമ്പനിക്ക് നഷ്ടം ഉണ്ടാകാൻ ഇടവന്നിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി)(സി)&(ഡി) ഉദിക്കുന്നില്ല.

23 (2171) കേരള സംസ്ഥാന ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ സ്ഥാപിതശേഷി എത്രയാണ്;

(ബി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഓരോ വർഷവും പ്രസ്തുത സ്ഥാപനം അതിന്റെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വീതം ഉൽപ്പാദനം നടത്തിയിട്ടുണ്ട്;

(സി) ഈ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന് കിട്ടിയ ഓർഡർ പ്രകാരമുള്ള മരുന്ന് മുഴുവൻ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ കാലയളവിൽ ഈ സ്ഥാപനത്തിന് കിട്ടിയ ഓർഡറിന്റെ എത്ര ശതമാനം വീതം സപ്ലൈ ചെയ്യുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly